ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയയ്ക്കുന്നു.

2. 1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ†

(അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും)

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ): സർ, 1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ): സർ, 1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ: ബി.എ.സി കൂടിയപ്പോൾ സമയം ആവശ്യമില്ലെന്നുള്ള രീതിയിൽ ചർച്ച ചെയ്ത് ഉൾപ്പെടുത്തിയിട്ടുള്ള ബില്ലാണിത്. കഴിഞ്ഞ വർഷം ചർച്ച ചെയ്തു. വീണ്ടും കൊണ്ടുവരേണ്ടിവന്നു. ചർച്ച ആവശ്യമുള്ള 1999-ലെ കേരള സ്പോർട്സ് ബിൽ വരാൻ പോകുന്നതേയുള്ളൂ. ഈ ബില്ലിന് ചർച്ച യുടെ ആവശ്യമില്ലെന്ന് സമ്മതിച്ചിട്ടുള്ളതാണ്.

ശ്രീ. കെ.സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവത രിപ്പിക്കുന്നു.

(എ) 1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.7.99 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

എനിക്ക് സംസാരിക്കാൻ അഞ്ചു മിനിട്ട് വേണം. ഒന്നു രണ്ടു കാര്യ ങ്ങൾ ഇതു സംബന്ധിച്ച് പറയാനുണ്ട്.

മി. സ്പീക്കർ: സമയം അപഹരിക്കുന്നതെല്ലാം ഒഴിവാക്കിക്കളഞ്ഞു. ഇനി ചർച്ച ചെയ്യാനുള്ള ഒരു ബില്ലുണ്ട്. അതുകൊണ്ട് ഭേദഗതി അവതരിപ്പി ച്ചാൽ മാത്രം മതി.

ശ്രീ. എ. കണാരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പി ക്കുന്നു:

(ബി) 1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദ ഗതി ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി(ശ്രീ. കെ.ഇ. ഇസ്മയിൽ): സർ, ഭേദഗതികൾ സ്വീകാര്യമല്ല. പ്രമേയം പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

---

† അനുബന്ധം-XXI

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.സി. ജോസഫ്: സംസാരിക്കാൻ അവസരം നൽകാത്തതു കൊണ്ട് ഞാൻ പിൻവലിക്കുന്നു.

മി. സ്പീക്കർ: ശ്രീ കെ.സി. ജോസഫ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു. ശ്രീ. എ. കണാരൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. കണാരൻ: സർ, ഞാൻ പിൻവലിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എ. കണാരൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ.....പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

3. 1999-ലെ കേരളാ സ്പോർട്സ് ബിൽ†

(അവതരണവും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും)

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി, അങ്ങേയ്ക്ക് 1999-ലെ സ്പോർട്സ് ബിൽ അവതരിപ്പിക്കാം.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്): 1999-ലെ കേരളാ സ്പോർട്സ് ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിക്കപ്പെട്ടിരിക്കുന്നു. ഇനി അങ്ങേയ്ക്ക് പ്രമേയം അവതരിപ്പിക്കാം.

ശ്രീ. എ.സി. ഷൺമുഖദാസ്: സർ, 1999-ലെ കേരളാ സ്പോർട്സ് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

ക്രമപ്രശ്നം

ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത

ശ്രീ. ടി.എം. ജേക്കബ്: ഞാൻ ഇതിനകത്ത് ഒരു ഒബ്ജക്ഷൻ എഴുതി കൊടുത്തിട്ടുണ്ട്. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം എല്ലാവരും സ്വാഗതം ചെയ്യുന്നതാണ്. നമ്മുടെ സ്പോർട്സ് കായിക രംഗത്ത് ഒരു പുതിയ മാറ്റം ഉണ്ടാക്കാൻ ഉതകുന്ന ഒരു ബില്ലാണിത്. ഫിനാൻഷ്യൽ മെമ്മോറാണ്ടം എങ്ങനെയായിരിക്കണമെന്ന് റൂൾ 73-ൽ ക്ലിയറായിട്ട് പറഞ്ഞിട്ടുണ്ട്. ഇവിടെ ഈ സഭയിൽ തന്നെ അങ്ങയുടെ റൂളിംഗ് ഉണ്ടായിട്ടുണ്ട്. അങ്ങയുടെ മുൻഗാമികളും ഇതേസംബന്ധിച്ച് റൂളിംഗ് നൽകിയിട്ടുണ്ട്. എല്ലാം വായിച്ച് കൂടുതൽ

† അനുബന്ധം XXII

LIBRARY ARCHIVES Kerala Legislative Assembly

(ബി) താമസത്തിന് ദിവസം നൂറു രൂപ ദിനബത്തയും;

(2) കേരള സംസ്ഥാനത്തിന് പുറത്ത്-

(എ) റോഡ് മാർഗ്ഗമുള്ള യാത്രയ്ക്ക്, യാത്ര ചെയ്ത ദൂരം കണക്കിലെടുക്കാതെ, 1989 ഡിസംബർ മാസം 1-ാം തീയതി മുതൽ 1990 ഡിസംബർ മാസം 31-ാം തീയതി വരെ ഒരു കിലോമീറ്ററിന് ഒരു രൂപ ഇരുപത്തിയഞ്ചു പൈസ നിരക്കിലും അതിനുശേഷം ഒരു കിലോ മീറ്ററിന് രണ്ട് രൂപാ നിരക്കിലും;

(ബി) ദിനബത്ത ദിവസം നൂറ്റമ്പത് രൂപയും;

iii. നിയമസഭയിലെ അംഗങ്ങൾ.- നിയമസഭാംഗങ്ങൾക്ക് താഴെ പറയുന്ന നിരക്കിൽ യാത്രാ ബത്തയും ദിനബത്തയും നൽകേണ്ടതാണ്.-

(1) കേരള സംസ്ഥാനത്തിനകത്ത്-

റോഡ് മാർഗ്ഗമുള്ള യാത്രയ്ക്ക്, യാത്ര ചെയ്ത ദൂരം കണക്കിലെടുക്കാതെ, ഒരു കിലോമീറ്ററിന് രണ്ടു രൂപാ അമ്പത് പൈസ നിരക്കിൽ;

ദിനബത്ത-എഴുപത്തി അഞ്ചു രൂപ

(2) കേരള സംസ്ഥാനത്തിനു പുറത്ത്-

റോഡ് മാർഗ്ഗമുള്ള യാത്രയ്ക്ക്, യാത്രചെയ്ത ദൂരം കണക്കിലെടുക്കാതെ, ഒരു കിലോമീറ്ററിന് രണ്ടു രൂപ അമ്പത് പൈസ എന്ന നിരക്കിൽ;

ദിനബത്ത-നൂറു രൂപ.

അനുബന്ധം XXI

പത്താം കേരള നിയമസഭ
ബിൽ നമ്പർ 208

1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ

പത്താം കേരള നിയമസഭ,
ബിൽ നമ്പർ 208

1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ

കൃഷിക്കാരായ കുടികിടപ്പുകാരും ചെറുകിട കൈവശക്കാരുമായ ഏതാനും പേരെ, അവർ വാങ്ങിയതും, 1963-ലെ കേരള ഭൂപരിഷ്ക്കരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വിട്ടു കൊടുക്കേണ്ടതായ മിച്ചഭൂമിയാണെന്ന് പിന്നീട് കണ്ടെത്തിയതുമായ ഭൂമിയിൽ നിന്നും ഒഴിപ്പിക്കുന്നത് നിർത്തിവയ്ക്കുന്നതിനായി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.- പ്രതിഫലം നൽകി വാങ്ങുകയോ മറ്റു വിധത്തിൽ ആർജ്ജിക്കുകയോ ചെയ്തിട്ടുള്ളതെന്ന് രജിസ്റ്റർ ചെയ്ത പ്രമാണങ്ങൾ മുഖാന്തിരമോ മറ്റു വിധത്തിലോ, തെളിയിക്കപ്പെട്ടിട്ടുള്ള ഭൂമിയിൽ നിന്ന് ചെറുകിട ഭൂമി കൈവശക്കാരും കൃഷിക്കാരായ കുടികിടപ്പുകാരും ഒഴിപ്പിക്കൽ അഥവാ ഉടമസ്ഥാവകാശം ഇല്ലാതാക്കൽ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന ധാരാളം നടപ

LIBRARY ARCHIVES Kerala Legislative Assembly

ടിക്രമങ്ങൾ ലാന്റ് ട്രിബ്യൂണലുകൾ, താലൂക്ക് ലാന്റ് ബോർഡുകൾ, സംസ്ഥാന ലാന്റ് ബോർഡ്, കോടതികൾ, റവന്യൂ അധികാരികൾ അഥവാ മറ്റു അധികാരികൾ മുമ്പാകെ നിലവിലുള്ളതിനാലും;

അപ്രകാരം ഭൂമിവാങ്ങിയവരായ ചെറുകിട ഭൂമി കൈവശക്കാരേയും കൃഷിക്കാരായ കുടികിടപ്പുകാരേയും ഒഴിപ്പിക്കലിൽ നിന്നും ഉടമസ്ഥാവകാശം ഇല്ലാതാക്കലിൽ നിന്നും സംരക്ഷിക്കണമെന്ന് പൊതുജനങ്ങളും സംഘടനകളും നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നതിനാലും;

അപ്രകാരമുള്ള ചെറുകിട ഭൂമി കൈവശക്കാരേയും കൃഷിക്കാരായ കുടികിടപ്പുകാരേയും ഒഴിപ്പിക്കലിൽ നിന്നും ഉടമസ്ഥാവകാശം ഇല്ലാതാക്കുന്നതിൽ നിന്നും സംരക്ഷിക്കുന്നതിനായി, അങ്ങനെയുള്ള ഭൂമിയിൽ അവർക്കുള്ള അവകാശങ്ങളും താൽപര്യങ്ങളും സംരക്ഷിച്ചുകൊണ്ട് ഒരു നിയമനിർമ്മാണം നടത്തുന്നതുവരെ, ഒരു താൽക്കാലിക കാലയളവിലേക്ക് 1998-ലെ കേരള ഒഴിപ്പിക്കൽ നിയമ നടപടികൾ നിർത്തിവയ്ക്കൽ ആക്ട് (1998-ലെ 5) ഉണ്ടാക്കിയിട്ടുള്ളതിനാലും;

1999 മാർച്ച് 30-ാം തീയതി മേൽപ്പറഞ്ഞ നിയമത്തിന്റെ പ്രാബല്യ കാലാവധി അവസാനിച്ചിട്ടുള്ളതിനാലും;

അപ്രകാരമുള്ള ചെറുകിട ഭൂമി കൈവശക്കാരുടേയും കൃഷിക്കാരായ കുടികിടപ്പുകാരുടേയും അങ്ങനെയുള്ള ഭൂമിയിലുള്ള അവകാശങ്ങളും താൽപര്യങ്ങളും സംരക്ഷിക്കുന്നതിനായി ഒരു നിയമനിർമ്മാണം നടത്തുന്നതിന് കുറച്ചുകൂടി സമയം ആവശ്യമായിരിക്കുകയാലും;

അപ്രകാരമുള്ള ചെറുകിട ഭൂമി കൈവശക്കാരെയും, കൃഷിക്കാരായ കുടികിടപ്പുകാരേയും അങ്ങനെയുള്ള ഭൂമിയിൽ അവർക്കുള്ള അവകാശങ്ങളും താത്പര്യങ്ങളും സംരക്ഷിച്ചുകൊണ്ട് ഒരു നിയമനിർമ്മാണം നടത്തുന്നതിന് മുമ്പ് ഒഴിപ്പിക്കുകയും ഉടമസ്ഥാവകാശം ഇല്ലാതാക്കുകയും ചെയ്യുകയാണെങ്കിൽ വിഷമതകൾ ഉണ്ടാകുമെന്നതിനാലും

അപ്രകാരമുള്ള ചെറുകിട ഭൂമി കൈവശക്കാരെയും, കൃഷിക്കാരായ കുടികിടപ്പുകാരേയും അങ്ങനെയുള്ള ഭൂമിയിൽ അവർക്കുള്ള അവകാശങ്ങളും താത്പര്യങ്ങളും സംരക്ഷിച്ചുകൊണ്ട് ഒരു നിയമനിർമ്മാണം നടത്തുന്നതുവരെ, ഒഴിപ്പിക്കലിൽ നിന്നും ഉടമസ്ഥാവകാശം ഇല്ലാതാക്കലിൽ നിന്നും അവരെ താത്ക്കാലികമായി സംരക്ഷിക്കേണ്ടത് പൊതു താത്പര്യാർത്ഥം ആവശ്യമാണെന്ന് സർക്കാർ കരുതുന്നതിനാലും;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അമ്പതാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

1. <u>ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും കാലാവധിയും.</u>-

(1) ഈ ആക്ടിന് 1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തി വയ്ക്കൽ ആക്ട് എന്ന് പേർ പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് 1999 മാർച്ച് 31-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുകയും അങ്ങനെയുള്ള പ്രാരംഭ തീയതി മുതൽ രണ്ട് വർഷം കഴിയുന്നതോടുകൂടി പ്രാബല്യം ഇല്ലാതായിത്തീരുകയും ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

2. വ്യാഖ്യാനം.- സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം, ഈ ആക്ടിൽ ഉപയോഗിച്ചിട്ടുള്ള വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും, 1963-ലെ കേരള ഭൂപരിഷ്ക്കരണ നിയമത്തിൽ (1964-ലെ 1) അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

3. ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ.-(1) 1963-ലെ കേരള ഭൂപരിഷ്ക്കരണ നിയമത്തിലോ (1964-ലെ 1), തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ, ഡിക്രിയിലോ, ഉത്തരത്തിലോ, ലാന്റ് ട്രൈബ്യൂണലിന്റെയോ, താലൂക്ക് ലാന്റ് ബോർഡിന്റെയോ സംസ്ഥാന ലാന്റ് ബോർഡിന്റെയോ മറ്റേതെങ്കിലും അധികാര സ്ഥാനത്തിന്റെയോ നടപടികളിലോ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ട് പ്രാബല്യത്തിലിരിക്കുന്ന കാലയളവിൽ.-

(എ) രജിസ്റ്റർ ചെയ്ത പ്രമാണത്തിന്റെ ബലത്താലോ, മറ്റു വിധത്തിലോ പ്രതിഫലം നൽകി വാങ്ങിയ ആൾ എന്ന നിലയിൽ തീറാധാരം വഴിയോ മറ്റു വിധത്തിലോ കൈവശം വച്ചിരിക്കുന്നതോ, പിന്നീട് 1963-ലെ കേരള ഭൂപരിഷ്ക്കരണ നിയമ (1964-ലെ 1) ത്തിന്റെ വ്യവസ്ഥകളനുസരിച്ച് മിച്ചഭൂമിയായി കാണപ്പെട്ടതുമായ ഏതെങ്കിലും ഭൂമി കൈവശത്തിലോ അവകാശത്തിലോ ഉള്ള കൃഷിക്കാരനായ ഏതെങ്കിലും കുടികിടപ്പുകാരനേയോ, ചെറുകിട ഭൂമി കൈവശക്കാരനേയോ, അങ്ങനെയുള്ള ഭൂമിയിൽ നിന്നും ഒഴിപ്പിക്കാനോ ഉടമസ്ഥാവകാശം ഇല്ലാതാക്കുവാനോ പാടില്ലാത്തതും;

(ബി) ഏതെങ്കിലും കോടതിയുടേയോ ട്രൈബ്യൂണലിന്റെയോ, ബോർഡിന്റെയോ മറ്റ് അധികാരസ്ഥാനത്തിന്റെയോ മുമ്പാകെ തീർപ്പാകാതെ കിടക്കുന്ന അങ്ങനെയുള്ള ഒഴിപ്പിക്കലിനോ ഉടമസ്ഥാവകാശം ഇല്ലാതാകുന്നതിനോ വേണ്ടിയുള്ള എല്ലാ നിയമ നടപടികളും നിറുത്തിവയ്ക്കപ്പെട്ടിരിക്കുന്നതുമാണ്.

(2) 1998-ലെ കേരള ഒഴിപ്പിക്കൽ നിയമനടപടികൾ നിറുത്തിവയ്ക്കൽ ആക്ടിന്റെ (1998-ലെ 5), കാലാവധി അവസാനിച്ചിരുന്നാൽ തന്നെയും, അങ്ങനെയുള്ള കാലാവധി അവസാനിച്ചതിന് ശേഷവും ഈ ആക്ട് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനു മുമ്പും ഏതെങ്കിലും കോടതിയോ, ലാന്റ് ട്രൈബ്യൂണലോ, താലൂക്ക് ലാന്റ് ബോർഡോ, സംസ്ഥാന ലാന്റ് ബോർഡോ അഥവാ അത്തരം മറ്റേതെങ്കിലും അധികാരസ്ഥാനമോ, കൃഷിക്കാരനായ കുടികിടപ്പുകാരനെയോ അല്ലെങ്കിൽ അത്തരം ചെറുകിട കൈവശക്കാരനെയോ ഒഴിപ്പിക്കുകയോ ഉടമസ്ഥാവകാശം ഇല്ലാതാക്കുകയോ ചെയ്യുന്നതിനായി ചെയ്ത ഏതെങ്കിലം സംഗതിയോ എടുത്ത ഏതെങ്കിലും നടപടിയോ അസാധുവായിരിക്കുന്നതാണ്,

(3) 1998-ലെ കേരള ഒഴിപ്പിക്കൽ നിയമ നടപടി നിറുത്തി വയ്ക്കൽ ആക്ടിന്റെ കാലാവധി തീരുന്നത്, ഈ ആക്ട് പ്രകാരം അങ്ങനെയുള്ള ചെറുകിട ഭൂമി കൈവശക്കാരനോ അല്ലെങ്കിൽ കൃഷിക്കാരനായ കുടികിടപ്പുകാരനോ, ആർജ്ജിച്ചതോ, പ്രാപ്യമായതോ ആയ യാതൊരു അവകാശത്തെയോ, അല്ലെങ്കിൽ പ്രത്യേകാവകാശത്തെയോ ദോഷകരമായി ബാധിക്കുന്നതല്ല.

ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

പ്രതിഫലം നൽകി വാങ്ങുകയോ മറ്റു വിധത്തിൽ ആർജ്ജിക്കുകയോ ചെയ്തിട്ടുള്ളതെന്ന് രജിസ്റ്റർ ചെയ്ത പ്രമാണങ്ങൾ മുഖാന്തിരമോ മറ്റു വിധത്തിലോ തെളിയിക്കപ്പെട്ടിട്ടുള്ള ഭൂമിയിൽനിന്ന്, ചെറുകിട ഭൂമി കൈവശ

LIBRARY ARCHIVES Kerala Legislative Assembly

ക്കാരും കൃഷിക്കാരായ കുടികിടപ്പുകാരും, അപ്രകാരം അവർ വാങ്ങിയതോ ആർജ്ജിച്ചതോ ആയ ഭൂമി 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിന്റെ വ്യവസ്ഥകൾ പ്രകാരം വിട്ടുകൊടുക്കേണ്ടതായ മിച്ചഭൂമിയാണെന്ന കാരണത്താൽ, ഒഴിപ്പിക്കൽ അഥവാ ഉടമസ്ഥാവകാശം ഇല്ലാതാക്കൽ ഭീഷണി നേരിടുന്നതായ നിരവധി നടപടികൾ ലാന്റ് ട്രിബ്യൂണലുകൾ, താലൂക്ക് ലാന്റ് ബോർഡുകൾ, സംസ്ഥാന ലാന്റ് ബോർഡ്, കോടതികൾ, റവന്യൂ അധികാരികൾ അഥവാ മറ്റു അധികാരികൾ മുമ്പാകെ നിലവിലിരിക്കുകയാണ്.

2. അങ്ങനെയുള്ള ഭൂമി വാങ്ങിയതായ ചെറുകിട ഭൂമി കൈവശക്കാരെയും കൃഷിക്കാരായ കുടികിടപ്പുകാരെയും ഒഴിപ്പിക്കലിൽ നിന്നും അവകാശം ഇല്ലാതാക്കലിൽ നിന്നും സംരക്ഷിക്കണമെന്ന് പൊതുജനങ്ങളിൽ നിന്നും സംഘടനകളിൽ നിന്നും നിരന്തരമായ ആവശ്യം ഉയർന്നുവന്നിട്ടുണ്ട്.

3. അങ്ങനെയുള്ള ചെറുകിട ഭൂമി കൈവശക്കാരെയും കൃഷിക്കാരായ കുടികിടപ്പുകാരെയും ഒഴിപ്പിക്കലിൽ നിന്നോ അല്ലെങ്കിൽ അവകാശം ഇല്ലാതാക്കുന്നതിൽ നിന്നോ സംരക്ഷിക്കുന്നതിനായി ഒരു നിയമനിർമ്മാണം നടത്തുന്നതുവരെ, അങ്ങനെയുള്ള ഭൂമിയിൽ അവർക്കുള്ള അവകാശങ്ങളും താൽപര്യങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി, താൽക്കാലികമായി ഒരു വർഷക്കാലയളവിലേക്ക്, 1998-ലെ കേരള ഒഴിപ്പിക്കൽ നിയമ നടപടികൾ നിർത്തിവയ്ക്കൽ ആക്ട് (1998-ലെ 5) പാസ്സാക്കി. മേൽപ്പറഞ്ഞ നിയമത്തിന്റെ പ്രാബല്യ കാലാവധി 1999 മാർച്ച് 30-ാം തീയതി അവസാനിച്ചു,

4. അങ്ങനെയുള്ള ഭൂമിയിൽ, ചെറുകിട ഭൂമി കൈവശക്കാർക്കും, കൃഷിക്കാരായ കുടികിടപ്പുകാർക്കും ഉള്ള അവകാശങ്ങളും താല്പര്യങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി ഒരു നിയമനിർമ്മാണം നടത്തുന്നതിന് കുറച്ചു കൂടി സമയം ആവശ്യമാണ്. അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നിയമനിർമ്മാണത്തിനുമുമ്പ് ചെറുകിട ഭൂമി കൈവശക്കാരെയും കൃഷിക്കാരായ കുടികിടപ്പുകാരെയും ഒഴിപ്പിക്കുകയോ അവരുടെ അവകാശം ഇല്ലാതാക്കുകയോ ചെയ്യുകയാണെങ്കിൽ പ്രയാസങ്ങൾ ഉണ്ടാകാൻ ഇടയുണ്ട്. ആയതിനാൽ, പൊതു താല്പര്യാർത്ഥം, 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വിട്ടുകൊടുക്കേണ്ടതായ മിച്ചഭൂമിയാണെന്ന് പിന്നീട് കണ്ടെത്തിയതായ ഭൂമി വാങ്ങിയ ചെറുകിട കൈവശക്കാരെയും കൃഷിക്കാരായ കുടികിടപ്പുകാരെയും അങ്ങനെയുള്ള ഭൂമിയിൽ നിന്നും ഒഴിപ്പിക്കൽ അല്ലെങ്കിൽ ഉടമസ്ഥാവകാശം ഇല്ലാതാക്കൽ ഭീഷണിയിൽ നിന്നും താൽക്കാലിക സംരക്ഷണം നൽകാൻ തീരുമാനിക്കുകയുണ്ടായി. താൽക്കാലിക സംരക്ഷണം രണ്ടു വർഷത്തേക്ക് മാത്രം ഉദ്ദേശിച്ചിട്ടുള്ളതും, ആ കാലയളവിൽ, അങ്ങനെയുള്ള ഭൂമിയിലുള്ള അവരുടെ അവകാശങ്ങളും താല്പര്യങ്ങളും സ്ഥിരമായി സംരക്ഷിക്കുന്നതിന് 1963-ലെ കേരള ഭൂപരിഷ്കരണ ആക്ടിലെ വ്യവസ്ഥകൾ അനുയോജ്യമായ വിധത്തിൽ ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു.

5. മേൽപ്പറഞ്ഞ ആവശ്യം നിറവേറ്റുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ, നിയമമാക്കുകയും, പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ, സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

കെ.ഇ. ഇസ്മയിൽ.

LIBRARY ARCHIVES Kerala Legislative Assembly